**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4808** **02-07-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി നിയോജക മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ പട്ടികജാതി നഗറുകളുടെ വികസനത്തിനായി അനുവദിച്ച പദ്ധതികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട സമയക്രമം അറിയിക്കാമോ; | (എ) | (1) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കുറ്റ്യാടി മണ്ഡലത്തിലെ ഉരുത്തി നഗർ ട്രാൻസ്ഫോർമർ മാഹി കനാൽ റോഡ് പ്രവൃത്തിക്ക് 05/02/2024-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. തോടന്നൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രവൃത്തി സാങ്കേതികാനുമതി ലഭ്യമായി 10 മാസത്തിനകം പൂർത്തീകരിക്കേണ്ടതാണ്.<br><br>(2) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഉരുത്തി നഗർ, പാലയാട് നഗർ, മാനത്ത്കര നഗർ, വെള്ളൂർക്കര നഗർ എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>(3) 2019-20 ൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം, ഭരണാനുമതി ലഭ്യമായ മൂഴിക്കൽ നഗർ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടി പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>(4) 2023-24-ൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ ചോയിമഠം നഗർ, വാളാഞ്ഞികുളങ്ങരത്ത് നഗർ എന്നിവയുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. നിലവിലെ മാനദണ്ഡ പ്രകാരം MoU ഒപ്പ് വെച്ച് 1 വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുതുക്കിയ എസ്റ്റിമേറ്റിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ എസ്റ്റിമേറ്റിന്റെ ഭേദഗതി ലഭിക്കുന്നതിൽ കാലതാമസം | (ബി) | ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ യോഗ തീരുമാന പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തുക ഭരണാനുമതി തുകയ്ക്ക് തുല്യമോ അതിൽ കുറവോ ആയിരിക്കുകയും ഭരണാനുമതി എസ്റ്റിമേറ്റിലില്ലാത്ത പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | പുതുക്കിയ എസ്റ്റിമേറ്റ്, ജില്ലാ തലത്തിൽ അംഗീകരിക്കാവുന്നതാണ് എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം പാലയാട് നഗർ, തുരുത്തി നഗർ, മൂഴിക്കൽ നഗർ എന്നിവയുടെ പുതുക്കിയ എസ്റ്റിമേറ്റ് ജില്ലാ തലത്തിൽ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ